"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഓഫീസ് - റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ ഗുരുതരമായ വീഴ്ച — നിലവിൽ സസ്പെൻഷനിൽ തുടരുന്ന റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. ഷൈബി.സി.വി - സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിന് നിർദ്ദേശം നൽകി - ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലിന്റെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.136/2026/LSGD തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-

1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(എ.വി.സി-III) വകുപ്പിന്റെ 18.02.2025 തീയതിയിലെ അന്വേഷണ റിപ്പോർട്ട്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.04.2025 തീയതിയിലെ LSGD/PD/10634/2025-VIGC5 നമ്പർ നടപടിക്രമം.
3. ശ്രീമതി.ഷൈബി. സി.വി സമർപ്പിച്ച 03.10.2025 തീയതിയിലെ അപ്പീൽ അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.10.2025 തീയതിയിലെ LSGD/PD/10634/2025-VIGC5 നമ്പർ കത്ത്.
5. OA[EKM] 1335/2025 ഹർജിയിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.12.2025 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ സ്ഥിരതാമസക്കാരായ നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മറ്റു പല ജില്ലകളിലെയും പല ബന്ധുക്കളുടെയും മേൽവിലാസത്തിൽ വ്യാജ താമസരേഖകൾ ഉണ്ടാക്കി ആ ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് അതുവഴി സർക്കാർ ജോലി നേടുന്നുവെന്ന് കാണിച്ച് ശ്രീ.അരുൺരാജ് ബഹു. ആരോഗ്യവകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ തിരുവനന്തപുരം സ്വദേശി ശ്രീമതി.ബിനോഹ എന്നയാൾ ആരോഗ്യ വകുപ്പിലും തുടർന്ന് വിദ്യാഭ്യാസ വകുപ്പിലും ജോലി നേടിയതിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.വി.സി) വകുപ്പ് അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (1) റിപ്പോർട്ടിൽ, തൃശൂർ കോർപറേഷനിൽനിന്നും അനുവദിച്ച റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് ടിയാൾ ആധാറിലെ മേൽവിലാസം തിരുത്തിയതും, റേഷൻ കാർഡ് തൃശൂരിലേക്ക് ട്രാൻസ്ഫർ ചെയ്തതും തുടർന്നുള്ള ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുള്ളതെന്നും ശ്രീമതി.

ബിനോഹ എന്നവർക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി. ഷൈബി.സി.വി-യ്ക്ക് ഗുരുതരമായ വീഴ്ച സംഭവിച്ചതായും ടിയാളെ സേവനത്തിൽനിന്നും സസ്പെന്റ് ചെയ്യേണ്ടതാണെന്നും ശിപാർശ ചെയ്തിരുന്നു.

2. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി. ഷൈബി.സി.വി -യെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടിയാളെ പരാമർശം (2) പ്രകാരം സർവീസിൽനിന്നും സസ്പെന്റ് ചെയ്തതായും 1960 -ലെ KCS (CC&A) Rules ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് കറ്റാരോപണ മെമ്മോ നൽകിയതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു. തുടർന്ന് സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പ്രവേശിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൾ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഹർജി OA[EKM] 1335/2025 -ൽ 27.08.2025 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾ പരാമർശം (3) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

3. റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ചതുമായി ബന്ധപ്പെ വിഷയത്തിൽ തന്നോട് ഒരു വിശദീകരണം പോലും ചോദിക്കാതെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത നടപടി പുനഃപരിശോധിക്കണമെന്നും തന്റെ വാദം നേരിൽ കേൾക്കുന്നതിനായി അവസരം നൽകണമെന്നും ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിൽ തന്റെ അപ്പീൽ പരിഗണിച്ച് തുടർനടപടികൾ കൈക്കൊള്ളുവാൻ ഉത്തരവായിട്ടുള്ളതാണെന്നും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ട് ആറ് മാസക്കാലമായിട്ടും നാളിതുവരെ അന്വേഷണ റിപ്പോർട്ട് പൂർത്തീകരിക്കുവാനോ തന്നെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ലാത്തതാണെന്നും ആയതിനാൽ ടി വിഷയത്തിൽ ബോധപുർവമായി യാതൊരുവിധ വീഴ്ചയും വരുത്താത്ത തന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ശ്രീമതി. ഷൈബി.സി.വി അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

4. റേഷൻ കാർഡിന്റെ ആവശ്യത്തിലേയ്ക്കായി അനുവദിച്ച റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് തൃശ്ശൂർ എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തതും അതുവഴി ജോലി നേടാനും ശ്രീമതി ബിനോഹ എൻ എന്നവർ ശ്രമിച്ചത് റവന്യൂ ഇൻസ്പെക്ടർക്കു അറിവില്ലാത്ത കാര്യങ്ങളാണ് എന്നും ശ്രീമതി. ഷൈബി റേഷൻ കാർഡ് ലഭിയ്ക്കുന്നതിന്

താമസ സർട്ടിഫിക്കറ്റിന് ശിപാർശ ചെയ്തത് സദുദ്ദേശ്യപരമായിട്ടാണെന്നും സോണൽ ഓഫീസ് സൂപ്രണ്ടിന്റെ അഭാവത്തിൽ പൊതു ജനസേവനാർത്ഥമാണ് താമസ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരമാർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടത് പ്രകാരം **05.12.2025** തീയതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീമതി. ഷൈബിയെ നേരിൽ കേട്ടിരുന്നു. നഗരസഭാ രേഖകൾ പ്രകാരമുള്ള കെട്ടിട ഉടമ അല്ലാത്ത ശ്രീ.വിശ്വംഭരൻ -മായി ശ്രീമതി.ബിനോഹ വച്ചിട്ടുള്ള, കാലഹരണപ്പെട്ട (**28.2.2022** ൽ കാലാവധി കഴിഞ്ഞിട്ടുള്ള ) എഗ്രിമെൻറിൻറെ പകർപ്പ് ആണ് ശ്രീമതി.ബിനോഹ *താമസ സർട്ടിഫിക്കറ്റ്*-നുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്നത്. അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന, ടിയാളുടെ ഭർത്താവ്/കുട്ടികൾ എന്നിവരുടെ ആധാറിലെ മേൽവിലാസം തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ എന്ന സ്ഥലത്തേത് ആയിരുന്നു. ശ്രീമതി.ബിനോഹ ടി കെട്ടിടത്തിലെ താമസക്കാരിയാണോയെന്ന് ആരോടാണ് അന്വേഷിച്ചതെന്ന് , ഹിയറിങ്ങ് വേളയിൽ ആരാഞ്ഞെങ്കിലും ടിയാൾക്ക് വ്യക്തമായ മറുപടി നൽകാനായില്ല. പ്രോപ്പർട്ടി ടാക്സ് അടച്ച രസീത്, എഗ്രിമെൻറിലുള്ള വ്യക്തിയുടെ പേരിലായിരുന്നില്ല. റെസിഡെൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് കെട്ടിട ഉടമയുമായി സാധുവായ വാടകക്കരാർ നിർബന്ധമാണെന്നിരിക്കെ ഇക്കാര്യം അപ്പീൽവാദിയായ ശ്രീമതി.ഷൈബി പരിഗണിച്ചില്ലെന്നു കാണുന്നു. കൂടാതെ സൂപ്രണ്ടിൻറെ അസാന്നിദ്ധ്യത്തിൽ, റെസിഡെൻഷ്യൽ സർട്ടിഫിക്കറ്റ് ഒപ്പിട്ടു നൽകാൻ ടിയാൾക്ക് **delegation of powers** ഉണ്ടോയിരുന്നോയെന്ന് ഹിയറിങ്ങ് വേളയിൽ ആരാഞ്ഞതിൽ ഇല്ലെന്നായിരുന്നു മറുപടി നൽകിയത്.

6. ശ്രീമതി.ഷൈബി.സി.വി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത **OA[EKM] 1335/2025** ഹർജിയിൽ **10.12.2025** തീയതിയിൽ ചുവടെ ചേർത്ത പ്രകാരം ഉത്തരവായിരുന്നു.

"***Accordingly, the Original Application is disposed of with a direction to the 1st respondent to consider Annexure A5 appeal and pass early orders, at any rate, within a period of one month from the date of receipt of a copy of this order*** "

7. ശ്രീമതി.ഷൈബി.സി.വി-യുടെ സസ്പെൻഷൻ പിൻവലിക്കുന്നത് സംബന്ധിച്ച വിഷയം **30.12.2025** തീയതിയിൽ ചേർന്ന വകുപ്പ്തല സസ്പെൻഷൻ റിവ്യൂ കമ്മിറ്റി പരിഗണിക്കുകയും റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാൻ സാധുവായ വാടകക്കരാർ നിർബന്ധമാണെന്നിരിക്കെ അക്കാര്യം പരിശോധിക്കുന്നതിൽ ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും സസ്പെന്റ് ചെയ്ത് **6** മാസക്കാലം കഴിഞ്ഞതിനാൽ തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന

ശ്രീമതി.ഷൈബി.സി.വി-യുടെ സസ്പെൻഷൻ പിൻവലിച്ചുകൊണ്ട് അച്ചടക്ക നടപടിയ്ക്ക് വിഘാതമാകാത്തതരത്തിൽ ശ്രീമതി.ഷൈബി-യെ തൃശൂർ ജില്ലയ്ക്ക് പുറത്തേയ്ക്ക് നിയമിച്ച്കൊണ്ട് സർവ്വീസിൽ പുനപ്രവേശിപ്പിക്കേണ്ടതും, അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട തുടർനടപടികൾ തുടരേണ്ടതുമാണെന്ന് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശിപാർശ ചെയ്തിരുന്നു.

**8.** സർക്കാർ ഇക്കാര്യം വകുപ്പ്തല സസ്പെൻഷൻ റിവ്യൂ കമ്മിറ്റി തീരുമാനത്തിന്റെയും പരാമർശം **(5)** പ്രകാരമുള്ള ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. ബിനോഹ എന്നവർക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് നിലവിൽ സസ്പെൻഷനിൽ തുടരുന്ന തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി.ഷൈബി.സി.വി-യെ, അച്ചടക്ക നടപടിയ്ക്ക് വിഘാതമാകാത്തതരത്തിൽ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനും തൃശൂർ ജില്ലയ്ക്ക് പുറത്ത് നിയമിക്കുന്നതിനും പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രിൻസിപ്പൽ ഡയറക്ടർ ടിയാൾക്ക് നിയമനം നൽകി വിവരം സർക്കാരിൽ അറിയിക്കേണ്ടതാണ്.

**9.** ഇപ്രകാരം പരാമർശം **5**-ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.ഷൈബി.സി.വി, മുൻ റവന്യൂ ഇൻസ്പെക്ടർ, തൃശ്ശൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അഡ്വക്കറ്റ് ജനറൽ ,കേരള ,കൊച്ചി(ആമുഖ കത്ത് സഹിതം)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/38/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-01-2026 15:07:44
സെക്ഷൻ ഓഫീസർ